ഗുരുമാർഗം



ജ്ഞാനത്താൽ സുഖം വന്നുചേരും. സ്നേഹമില്ലാത്ത ഹൃദയത്താൽ എല്ലാ ദുഃഖങ്ങളും വന്നുചേരും. അജ്ഞത സ്നേഹത്തെയില്ലാതാക്കും. അങ്ങനെ അജ്ഞാനം ദുഃഖത്തിനാസ്പദമായിത്തീരും. ഇത് ഏതാപത്തിനും വിത്തായിത്തീരും.

തിരുവോണം 60- 00
ചതുർദ്ദശി 44- 57
1939 മാഘം 25
1439 ജമാദുൽ അവ്വൽ 28
1193 കുംഭം 02

രണ്ടു വർഷം കൂടി കാത്തിരിക്കാം

കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ അറുനൂറു കിലോമീറ്ററിലധികം ദൈർഘ്യം വരുന്ന ജലപാത; ഏതൊരു രാജ്യത്തെയും മോഹിപ്പിക്കുന്ന വരദാനമാണത്. സംസ്ഥാനത്തിന്റെ പല സ്വപ്ന പദ്ധതികളുടെയും കൂട്ടത്തിൽ സ്ഥാനം പിടിച്ചിട്ടും മുഴുമിപ്പിക്കാനാവാതെ വർഷങ്ങളായി അതങ്ങനെ കിടക്കുകയാണ്. കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിലും ഈ ദേശീയ ജലപാത പൂർത്തീകരണത്തിന് പുതിയൊരു കുറി കൂടി കുറിച്ചിട്ടുണ്ട്. കോവളം മുതൽ കാസർകോട് ബേക്കൽ വരെ നീളുന്ന ജലപാതയുടെ ഒന്നാം ഘട്ടം 2020 മാർച്ചിൽ പൂർത്തിയാക്കണമെന്നാണ് യോഗ തീരുമാനം. 2022 ആകുമ്പോൾ രണ്ടാം ഘട്ടവും. ഓരോ ഘട്ടത്തിലെയും പ്രവൃത്തികൾ സമയബന്ധിതമായി തീർക്കണമെന്നാണ് മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നൽകിയ നിർദ്ദേശം. ഈ മന്ത്രിസഭയുടെ കാലാവധി കഴിയുന്നതിനു മുൻപു തന്നെ ജലപാത യാഥാർത്ഥ്യമായിക്കാണാൻ ജനങ്ങൾക്ക് ഭാഗ്യം കൈവരട്ടെ എന്നാണ് പ്രാർത്ഥന. കാരണം പതിറ്റാണ്ടുകളായി ജനങ്ങൾ അത്തരമൊരു അസുലഭ മുഹൂർത്തത്തിനായി കാത്തിരിക്കുകയാണ്.

ജലപാതയുമായി ബന്ധപ്പെട്ട് ഏറെ പണികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. പലേടത്തും വീതി കൂട്ടാനാവശ്യമായ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടാണു തടസങ്ങളുള്ളത്. സംസ്ഥാന സർക്കാരിന്റെ ചുമതലയിൽപ്പെട്ട കാര്യമാണത്. വിവിധ വകുപ്പുകളുടെ ഏകോപനം പരമാവധി ആവശ്യമായ മേഖലയാണിത്. ഏകോപനം വേണ്ടത്ര ഇല്ലാത്തതാണ് കാര്യങ്ങൾ എങ്ങുമെത്താതെ നീണ്ടുപോകാൻ കാരണം. ജലപാത നിർമ്മാണത്തിനാവശ്യമായ പണത്തിന്റെ നല്ലൊരു ഭാഗം കേന്ദ്രമാണ് വഹിക്കുന്നത്. മുൻകാലങ്ങളിൽ അനുവദിച്ച ഫണ്ടിൽ അധികപങ്കും ചെലവഴിക്കപ്പെടാതെ പോവുകയായിരുന്നു. 'ഗെയിൽ' പൈപ്പ് ലൈൻ പദ്ധതിയെന്ന പോലെ ജലപാതയുടെ പൂർത്തീകരണവും സംസ്ഥാനത്തിന്റെ വികസനത്തിനും പുരോഗതിക്കും ആവശ്യമാണെന്ന് സർക്കാർ തിരിച്ചറിഞ്ഞ സ്ഥിതിക്ക് തടസങ്ങളെല്ലാം ഒഴിവാക്കി പദ്ധതി രണ്ടു വർഷം കൊണ്ട് കമ്മിഷൻ ചെയ്യാനാവശ്യമായ നടപടികളുണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

> **ഭാവനയോ ദീർഘവീക്ഷണമോ ഇല്ലാത്തതുകൊണ്ടു മാത്രമാണ് മൂന്നു പതിറ്റാണ്ടു കഴിഞ്ഞിട്ടും ഇവിടെ ദേശീയ ജലപാത യാഥാർത്ഥ്യമാകാതെ കിടക്കുന്നത്. ഇപ്പോഴുണ്ടായിരിക്കുന്ന ഉണർവ് ഏതായാലും വലിയ നേട്ടത്തിൽത്തന്നെ കലാശിക്കുമെന്ന് ആശിക്കാം. 2020 മാർച്ചിനായി പ്രതീക്ഷയോടെ കാത്തിരിക്കാം**

വടക്ക് മാഹി മുതൽ വളപട്ടണം വരെ പുതുതായി സ്ഥലമെടുത്ത് കനാൽ കുഴിച്ചാലേ ജലപാത ബേക്കലിൽ എത്തുകയുള്ളൂ. സ്ഥലമെടുപ്പ് മേയ് മാസത്തിൽ പൂർത്തിയാക്കണമെന്നാണ് അവലോകന യോഗത്തിലെ തീരുമാനം. ജലപാതയ്ക്ക് വിഘാതമായി ഒട്ടേറെ സ്ഥലങ്ങളിൽ കുരുക്കുകളുണ്ട്. തിരുവനന്തപുരത്ത് പാർവതി പുത്തനാർ പുനരുദ്ധരിക്കേണ്ടതുണ്ട്. മാലിന്യവും ചെളിയും അടിഞ്ഞും കരകൾ നികന്നും കിടക്കുന്ന പുത്തനാർ നവീകരണ പ്രവൃത്തികൾ ഏപ്രിലിൽ തുടങ്ങാനാണ് തീരുമാനം. ഇരു കരകളിലുമുള്ള കൈയേറ്റം വലിയ തോതിലുള്ളതാണ്. വീതി കൂട്ടലിന്റെ ഭാഗമായി പല കുടുംബങ്ങളെയും ഒഴിപ്പിക്കേണ്ടിവരും. അടുത്തകാലത്ത് റവന്യൂ വകുപ്പ് നടത്തിയ സർവേ പ്രകാരം പുത്തനാറിന്റെ ഇരു കരകളിലുമായി രണ്ടായിരത്തിലേറെ കൈയേറ്റങ്ങളാണു കണ്ടെത്തിയത്. ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസവും ഉറപ്പാക്കേണ്ടതുണ്ട്. ഉപയോഗശൂന്യമായ നിലയിലെത്തിയ വർക്കല തുരപ്പിന്റെ നവീകരണവും പ്രധാനപ്പെട്ടതാണ്. സാങ്കേതിക വിദ്യകൾ ഏറെ പുരോഗതി പ്രാപിച്ച നിലയിലായതിനാൽ ഇതൊന്നും ഇന്ന് വലിയ വെല്ലുവിളിയൊന്നുമല്ല. ഉൾനാടൻ ജലപാതകൾ കൊണ്ട് സംസ്ഥാനം അനുഗൃഹീതമാകയാൽ പുതിയ ദേശീയ ജലപാതയുമായി അവയെ ബന്ധിപ്പിക്കാനും എളുപ്പമാണ്.

കോവളം മുതൽ കാസർകോട് വരെ നീളുന്ന ജലപാത സാദ്ധ്യമായാൽ വിനോദ സഞ്ചാര മേഖലയ്ക്കും ചരക്കു നീക്കത്തിനും അനന്ത സാദ്ധ്യതകളാണ് അതു തുറന്നിടുന്നത്. ഇപ്പോൾത്തന്നെ സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ മുഖ്യ ആകർഷണങ്ങളിലൊന്ന് ബോട്ടിംഗ് ഉൾപ്പെടെയുള്ള ജലവിനോദങ്ങളാണ്. അടിസ്ഥാന സൗകര്യങ്ങൾ തീരെ കുറവായിട്ടും ആലപ്പുഴയിലും കൊല്ലത്തുമൊക്കെ ധാരാളം സഞ്ചാരികൾ എത്തുന്നത് ഇത്തരം സൗകര്യങ്ങൾ ഉള്ളതിനാലാണ്. ദേശീയ ജലപാത പൂർത്തിയാകുന്നതിനൊപ്പം വിവിധ കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി വിനോദയാത്രക്കാർക്കായി ഉല്ലാസ നൗകകൾ ഏർപ്പെടുത്താവുന്നതാണ്. യാത്രാബോട്ടുകളും സർവീസിനിറക്കിയാൽ റോഡിലെ തിരക്കും കുറയ്ക്കാനാകും. മറ്റൊരു പ്രധാന നേട്ടം ചരക്കു നീക്കത്തിന് ഏറ്റവും ചെലവു കുറഞ്ഞ വഴി തുറന്നുകിട്ടുമെന്നതാണ്. പാചകവാതകം ഉൾപ്പെടെ അപകട സ്വഭാവമുള്ള ചരക്കുനീക്കത്തിന് ഏറ്റവും അനുയോജ്യമാണ് ജലപാതകൾ. വിനോദ സഞ്ചാര മേഖല പതിന്മടങ്ങ് അഭിവൃദ്ധിപ്പെടാനും അത് വഴിയൊരുക്കും.

മറ്റേതെങ്കിലും രാജ്യത്തായിരുന്നുവെങ്കിൽ എന്നേ പൂർണ വികാസം സാദ്ധ്യമാകുമായിരുന്ന ജലപാതയാണിത്. ഭാവനയോ ദീർഘവീക്ഷണമോ ഇല്ലാത്തതുകൊണ്ടു മാത്രമാണ് മൂന്നു പതിറ്റാണ്ടു കഴിഞ്ഞിട്ടും ഇവിടെ ദേശീയ ജലപാത യാഥാർത്ഥ്യമാകാതെ കിടക്കുന്നത്. ഇപ്പോഴുണ്ടായിരിക്കുന്ന ഉണർവ് ഏതായാലും വലിയ നേട്ടത്തിൽത്തന്നെ കലാശിക്കുമെന്ന് ആശിക്കാം. 2020 മാർച്ചിനായി പ്രതീക്ഷയോടെ കാത്തിരിക്കാം.

അരുവിപ്പുറത്തെ അക്ഷരപ്രതിഷ്ഠ

സാമീസ് കോർണർ
എ. ആർ. രാജീവ്

(ലേഖകന്റെ ഫോൺ: 99 46154226)

സാമൂഹ്യകേരളം എപ്പോഴും ചർച്ചചെയ്യുന്നത് അരുവിപ്പുറത്തെ ശിവലിംഗ പ്രതിഷ്ഠയെക്കുറിച്ചാണ്. അത് ചർച്ചചെയ്യപ്പെടേണ്ടതാണ്. പക്ഷേ അതോടൊപ്പം പ്രാധാന്യമുള്ള മറ്റൊരു കാര്യം ചർച്ച ചെയ്യപ്പെടാതെ പോകുന്നു. ഗുരു മലയാളത്തിലെഴുതിയ ആത്മോപദേശ ശതകമെന്ന കൃതിക്കും ഏതാണ്ട് 130 വയസായി എന്നതാണത്. അരുവിപ്പുറത്തെ വാസകാലത്താണ് ഗുരു ഈ കൃതി രചിച്ചത്. ഗുരുവിന്റെ ഒരു ശിഷ്യന്റെ നോട്ടുബുക്കിൽ നിന്നാണ് ശ്രീനാരായണഗുരു വിരചിതം എന്ന കുറിപ്പോടെ ഇത് പിന്നീട് ലോകത്തിന് ലഭിക്കുന്നത്. ഗുരു മലയാളത്തിലെഴുതിയ ഉപനിഷത്താണ് ആത്മോപദേശ ശതകം. അക്ഷരങ്ങളെ സ്നേഹിക്കുന്നവർ അരുവിപ്പുറത്തെയും സ്നേഹിക്കണം. കാരണം മലയാള അക്ഷരങ്ങൾ കൊണ്ട് ഇത്രയും നല്ല ഒരു മലർമാല ആരും ഇതുവരെ തീർത്തിട്ടില്ല.

ദൈവം എന്ന വാക്ക് ആത്മോപദേശ ശതകത്തിൽ ഒരിടത്തുപോലും ഗുരു ഉപയോഗിച്ചിട്ടില്ല. പകരം അറിവ് എന്ന വാക്കാണ് നിർലോഭം ഉപയോഗിച്ചിരിക്കുന്നത്. അതാകട്ടെ 100 ശ്ലോകങ്ങളുള്ള കൃതിയിൽ കുറഞ്ഞത് 70 തവണ ആവർത്തിച്ചിട്ടുണ്ട്. വ്യാഖ്യാനത്തിന് വേഗം വഴങ്ങുന്ന കൃതിയല്ല ആത്മോപദേശ ശതകം. അതുകൊണ്ടുതന്നെ അത് വേണ്ട രീതിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുമില്ല. അനുഭൂതിയുടെ ഗീതകമാണത്.

അറിവിനെപ്പറ്റി ഖണ്ഡിതമായാണ് ഗുരു ആത്മോപദേശ ശതകത്തിലെ ഓരോ വരിയിലും പറഞ്ഞിട്ടുള്ളത്. അല്ലാതെ അത് അങ്ങനെയാവാം ഇങ്ങനെയാവാം എന്ന സന്ദേഹം ഒരിടത്തുമില്ല. ഗുരുവിന്റെ അരുവിപ്പുറത്തെ പ്രതിഷ്ഠയുടെ തിയറിയാണ് ആത്മോപദേശ ശതകം.

69-ാം ശ്ലോകത്തിലെ രണ്ടുവരി മാത്രം പറയാം. മനുഷ്യന്റെ ഭൗതിക ജീവിതം മുഴുവൻ ആ രണ്ട് വരിയിൽ ഉണ്ട്.

'രതിരഥമേറിയഹന്ത രമ്യരൂപം
പ്രതി പുറമെ പെരുമാറിടുന്നജസ്രം'

മനുഷ്യന്റെ ശരീരം ഈഗോ ഉള്ള ഒരു രതിരഥമാണ്. രതി എന്ന് പറയുമ്പോൾ എല്ലാത്തരത്തിലുമുള്ള രമ്യരൂപങ്ങളിൽ തോന്നുന്ന ഭ്രമവും ഇഷ്ടവുമാണ് വിവക്ഷിക്കുന്നത്. അഹന്തയുള്ള ആ ചിന്ത അകത്തേക്കല്ല. പുറത്തേക്കാണ് നയിക്കുന്നത്. അവൻ സദാ പുറത്തേക്ക് നോക്കി ചിന്തിച്ചുകൊണ്ടേയിരിക്കുന്നു. ഇതിൽ നിന്നാണ് സകല സാഹിത്യകൃതികളും ഉണ്ടായിട്ടുള്ളത്. ഇത് മനുഷ്യനെ പരമമായ അറിവിൽ കൊണ്ടെത്തിക്കില്ല. അതിന് എന്തുവേണം? അതിന്റെ ഉത്തരവും ആത്മോപദേശ ശതകത്തിലുണ്ട്. അറിവിലമർന്ന് അതുമാത്രമായി മാറുക എന്നതാണ് ആ പോംവഴി. അതിന് മനനവും പ്രയത്നവും ആവശ്യമാണ്. അതുകൊണ്ടും അതുണ്ടാവില്ല. ഗുരുവിന്റെ അനുഗ്രഹമാണ് ആത്യന്തികമായി അതിന് വേണ്ടത്. ആത്മോപദേശ ശതകം അതിന് നമ്മെ സജ്ജരാക്കാൻ ഉതകുന്ന കൃതിയാണ്. അരുവിപ്പുറത്തെ അക്ഷരപ്രതിഷ്ഠയാണ് ആത്മോപദേശ ശതകം.

ചുവപ്പു കോട്ടയിൽ കാവിപ്പോര്

▸പ്രസൂൺ എസ്.കണ്ടത്ത്

മണിക് സർക്കാർ

ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് ബിപ്ലബ് കുമാർ ദേബ്

തെക്ക് കേരളം കഴിഞ്ഞാൽ സി.പി.എമ്മിന്റെ ചെങ്കൊടി അഭിമാനത്തോടെ പാറുന്നത് അങ്ങു മേലെ വടക്കു കിഴക്കുള്ള ത്രിപുരയിലാണ്. വംഗനാടിന്റെ സ്വാധീനവും ആദിവാസി മേഖലകളിലെ സമരവീര്യവും ചുവപ്പണിയിച്ച ത്രിപുരയിൽ പാവങ്ങളുടെ മുഖ്യമന്ത്രിയായ മണിക് സർക്കാരിന്റെ സി.പി.എം സർക്കാർ കാൽ നൂറ്റാണ്ടു പിന്നിട്ടു. 2013ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസിനെ പത്തു സീറ്റിലൊതുക്കി അധികാരം നിലനിറുത്തിയ മണിക് സർക്കാർ വീണ്ടും ജനവിധി തേടുമ്പോൾ പഴയതു പോലെ എളുപ്പമല്ല കാര്യങ്ങൾ. രാജ്യമെമ്പാടും വേരൂന്നിയ ബി.ജെ.പി വടക്കു കിഴക്കൻ മേഖലയിൽ നടത്തിയ മുന്നേറ്റം ത്രിപുരയിലെ സി.പി.എമ്മിന്റെ അപ്രമാദിത്യത്തിനും വെല്ലുവിളിയാണ്.

കോൺഗ്രസിനെ വെട്ടി ബി.ജെ.പി

2013ലെ തിരഞ്ഞെടുപ്പിൽ 50 സീറ്റിൽ മത്സരിച്ച ബി.ജെ.പിക്ക് നേടാനായത് 1.54% വോട്ടു മാത്രം (ആകെ വോട്ട്: 33808). 2014ൽ കേന്ദ്രത്തിൽ അധികാരമേറ്റ ബി.ജെ.പി മറ്റ് വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കൊപ്പം ത്രിപുരയിലും സ്വാധീനം വിപുലപ്പെടുത്താൻ പ്രത്യേക പദ്ധതി തയ്യാറാക്കി. മുഖ്യ പ്രതിപക്ഷമായ കോൺഗ്രസിൽ നിന്ന് ആ റോൾ ഏറ്റെടുക്കാൻ അധിക നാൾ വേണ്ടിവന്നില്ല. 2013ൽ കോൺഗ്രസ് ടിക്കറ്റിൽ ജയിച്ച പത്ത് എം.എൽ.എമാരും ഇന്ന് ബി.ജെ.പി പോക്കറ്റിൽ. ആറുപേർ തൃണമൂൽ കോൺഗ്രസ് വഴിയാണ് ബി.ജെ.പിയിലെത്തിയത്. അങ്ങനെ ചരിത്രത്തിൽ ആദ്യമായി തിരഞ്ഞെടുപ്പിൽ മത്സരിക്കാതെ തന്നെ ബി.ജെ.പി ത്രിപുരയിൽ അക്കൗണ്ട് തുറന്നിരുന്നു.

കേഡർ സംവിധാനത്തിലൂടെ പാർട്ടിക്ക് അടിത്തറയുണ്ടാക്കാൻ പുറത്തു നിന്ന് വിദഗ്ദ്ധരെ കൊണ്ടുവന്നു. 2014ൽ വാരാണസിയിൽ നരേന്ദ്ര മോദിയുടെ പ്രചാരണത്തിന് നേതൃത്വം നൽകിയ മുൻ ആർ. എസ്.എസ് പ്രചാരക് സുനിൽ ദേവ്ധറിനാണ് ത്രിപുരയുടെ ചുമതല.

തലസ്ഥാനമായ അഗർത്തല വിട്ട് ഗ്രാമങ്ങളിൽ പ്രചാരണം കേന്ദ്രീകരിച്ചിരിക്കുന്ന ബി.ജെ.പി തന്ത്രപരമായാണ് നീങ്ങുന്നത്. ലക്ഷ്യമിടുന്നത് സി.പി.എമ്മിന്റെ ശക്തി കേന്ദ്രങ്ങൾ. എയിംസ്, മെഡിക്കൽ കോളേജുകൾ, എല്ലാ വീട്ടിലും ഒരാൾക്ക് തൊഴിൽ, സൗജന്യ വിദ്യാഭ്യാസം, ചെറുപ്പക്കാർക്ക് സൗജന്യ സ്മാർട്ട്ഫോൺ, സംസ്ഥാന ജീവനക്കാർക്ക് ഏഴാം ശമ്പള കമ്മിഷൻ ശുപാർശ, ദരിദ്രർക്ക് സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് തുടങ്ങിയ ആകർഷക വാഗ്ദാനങ്ങൾ. ത്രിപുര രാജ്യത്തിന് വേണ്ടി വാദിച്ച ഐ.പി.എഫ്.ടി എന്ന തീവ്രവാദ സംഘടനയെ സഖ്യകക്ഷിയുമാക്കി. ആദിവാസി മേഖലകളിൽ ഇവർക്ക് സ്വാധീനമുണ്ട്.

2013 അസംബ്ലി തിരഞ്ഞെടുപ്പ്

ആകെ സീറ്റ് : 60
സി.പി.എം : 49
സി.പി.ഐ : 1
കോൺഗ്രസ്: 10 (ഇപ്പോൾ ബി.ജെ.പി യിൽ)
ഇത്തവണ വോട്ടെടുപ്പ് ഫെബ്രുവരി 18ന്. വോട്ടെണ്ണൽ മാർച്ച് മൂന്നിന്

പാവങ്ങളുടെ മുഖ്യമന്ത്രി

ത്രിപുരയിൽ ബി.ജെ.പിക്ക് മുന്നിലുള്ള ഏറ്റവും വലിയ കടമ്പ സി.പി.എം സർക്കാരിനെ നയിക്കുന്ന 69കാരനായ മണിക് സർക്കാർ എന്ന മുഖ്യമന്ത്രിയാണ്. ശമ്പളം പാർട്ടിക്ക് നൽകി ഭാര്യയുടെ പെൻഷൻ കൊണ്ട് ജീവിക്കുന്ന രാജ്യത്തെ ഏക മുഖ്യമന്ത്രി. സ്വന്തമായി വീടില്ല, മൊബൈൽ ഫോണില്ല. ഈ ഇമേജിലാണ് സി.പി.എം ത്രിപുരയിൽ ഭരണം ഉറപ്പിച്ചതെന്ന് പറഞ്ഞാലും തെറ്റില്ല. പക്ഷേ മണിക്കിന്റെ സംസ്ഥാനം തൊഴിലില്ലായ്മയും വികസന മുരടിപ്പും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും മൂലം വീർപ്പു മുട്ടുന്നത് തിരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

സാക്ഷരത, ഉയർന്ന പ്രതിശീർഷ വരുമാനം, നെല്ലുത്പാദനം അടക്കം കാർഷിക മേഖലയിലെ പുരോഗതി, ആരോഗ്യ രംഗത്തെ വളർച്ച തുടങ്ങി ഭരണ നേട്ടങ്ങൾ സി.പി.എം ഭരണനേട്ടമായി പറയുന്നു. 57 സീറ്റിൽ സി.പി.എമ്മും ബാക്കി സഖ്യകക്ഷികളും മത്സരിക്കുന്നു.

തിരിച്ചു വരവിന് കോൺഗ്രസ്

രാഹുൽ ഗാന്ധി അദ്ധ്യക്ഷനായ ശേഷമുള്ള തിരഞ്ഞെടുപ്പ് എന്ന നിലയിൽ ത്രിപുരയിൽ പ്രകടനം മെച്ചപ്പെടുത്തേണ്ടത് കോൺഗ്രസിന്റെ അഭിമാന പ്രശ്നമാണ്. കഴിഞ്ഞ തവണ പത്തു സീറ്റിൽ ജയിച്ചെങ്കിലും ഒരാൾ പോലും ഒപ്പമില്ല. ബി.ജെ.പി കരുത്തും നേടി. 1963 മുതൽ 77 വരെയും 1988-1993 കാലത്തും കോൺഗ്രസ് ഭരിച്ച സംസ്ഥാനത്ത് ഇന്ന് പരിതാപകരമാണ് അവസ്ഥ. സ്വാധീന മേഖലകളിൽ ഇന്ന് ബി.ജെ.പി ആധിപത്യം നേടിയിട്ടുണ്ട്.

മണിക് സർക്കാരിൽ നിന്നുള്ള മാറ്റത്തിന് ഒരു വോട്ട് എന്ന ബി.ജെ.പി മുദ്രാവാക്യം ത്രിപുര എത്രകണ്ട് ഉൾക്കൊള്ളുമെന്നതും കേരളത്തിനപ്പുറത്തെ ഏക സി.പി.എം സർക്കാരിന്റെ ഭാവിയും നിർണയിക്കപ്പെടുന്ന വോട്ടെടുപ്പാണ് 18ന് നടക്കുന്നത്.

ത്രിപുര
Unakoti
Kumarghat
Jampui Hill
Agartala
Deotamura
Udaipur
Damboor Lake
Pilak

മാലി:ഇനി എന്ത് ?

▸പി.എസ്. ശ്രീകുമാർ

> **മാലിയിലെ ഇന്നത്തെ സംഭവവികാസങ്ങളിൽ കൈയുംകെട്ടി നോക്കി നിൽക്കാൻ ഇന്ത്യയ്ക്ക് സാധിക്കുമോ? അവസരത്തിനൊത്ത് നാം ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ ചൈനയുടെയും പാകിസ്ഥാന്റെയും നേതൃത്വത്തിലുള്ള ശക്തികളുടെ കളിപ്പാവയായി യമീൻ മാറുമെന്ന കാര്യത്തിൽ സംശയമില്ല.**

അബ്ദുള്ള യമീൻ

മുഹമ്മദ് നഷീദ്

ഫെബ്രുവരി ഒന്നാം തീയതിയിലെ സുപ്രീംകോടതി വിധി, മാലി പ്രസിഡന്റ് അബ്ദുള്ള യമീനെ സംബന്ധിച്ചിടത്തോളം ഒരു അശനിപാതമായിരുന്നു. ഈ വർഷം നടക്കുന്ന തിരഞ്ഞെടുപ്പിൽ തനിക്കെതിരെ മത്സരിക്കാൻ സാദ്ധ്യതയുള്ളവരെന്നു കരുതിയ പ്രതിപക്ഷത്തെ പ്രമുഖരെയെല്ലാം, ഭീകരപ്രവർത്തനം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി അറസ്റ്റ് ചെയ്ത് ലോക്കപ്പിലാക്കിയ ശേഷം, തികച്ചും ആത്മവിശ്വാസത്തോടെ ഇരിക്കുന്ന അവസരത്തിലാണ്, യമീനെ നടുക്കിയ സുപ്രീംകോടതിയുടെ വിധി വന്നത്. മുൻ പ്രസിഡന്റും മാലി ഡെമോക്രാറ്റിക് പാർട്ടി (എം.ഡി.പി) നേതാവുമായ മുഹമ്മദ് നഷീദ് ഉൾപ്പെടെ ഒമ്പത് പേരെ മോചിപ്പിക്കാനാണ് സുപ്രീംകോടതിയുടെ ഉത്തരവ്. ഇവർക്കെതിരെ ചുമത്തിയ ഭീകരപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കുറ്റാരോപണങ്ങൾ കോടതി റദ്ദാക്കുകയും ചെയ്തു. സുപ്രീംകോടതി ഉത്തരവു വന്ന ദിവസം തന്നെ മറ്റ് രണ്ട് എം.പിമാരെ കൂടി അറസ്റ്റ് ചെയ്ത് ജയിലിലാക്കി.

ഈ സംഭവപരമ്പരകളുടെയെല്ലാം തുടക്കം 2015 മാർച്ച് മാസത്തിലായിരുന്നു. മുഹമ്മദ് നഷീദ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട് ഭരണം നയിച്ച 2008 - 2012 കാലഘട്ടത്തിൽ, ക്രിമിനൽ കോടതി ചീഫ് ജസ്റ്റിസായിരുന്ന അബ്ദുള്ള മുഹമ്മദിനെ 2012ൽ അറസ്റ്റ് ചെയ്യാൻ ഉത്തരവിട്ടു. നഷീദിനു മുമ്പ്, മൂന്ന് പതിറ്റാണ്ട് പ്രസിഡന്റെന്ന നിലയിൽ ഏകാധിപത്യ ഭരണം നടത്തിയ അബ്ദുൽ ഗയൂമിന്റെ സഹപ്രവർത്തകർക്കെതിരെ എടുത്ത അഴിമതി കേസുകളിൽ, അവരെ പ്രോസിക്യൂട്ട് ചെയ്യാൻ വിസമ്മതിച്ചതിനാണ് ചീഫ് ജസ്റ്റിസിനെ അറസ്റ്റ് ചെയ്തത്.

അറസ്റ്റിനെതിരെ ഉയർന്ന പ്രതിഷേധങ്ങളെ ബലം പ്രയോഗിച്ച് അമർച്ച ചെയ്യാൻ നഷീദ് നിർദ്ദേശിച്ചെങ്കിലും അദ്ദേഹത്തിന്റെ ഉത്തരവുകൾ അനുസരിക്കാൻ പൊലീസ് സേന തയ്യാറായില്ല. പ്രതിപക്ഷത്തിന്റെ നിരന്തര പ്രക്ഷോഭങ്ങൾക്കൊടുവിൽ 2012 ഫെബ്രുവരിയിൽ നഷീദിന് പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കേണ്ടിവന്നു. തുടർന്ന് നടന്ന തിരഞ്ഞെടുപ്പിലാണ് 2013ൽ അബ്ദുൾ ഗയൂമിന്റെ അർദ്ധ സഹോദരനായ അബ്ദുൾ യമീൻ, ഗയൂമിന്റെ കൂടി പിന്തുണയോടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്. തിരഞ്ഞെടുപ്പിനു മുമ്പുതന്നെ രാജ്യദ്രോഹ കുറ്റങ്ങൾ ചുമത്തി നഷീദിനെ അറസ്റ്റു ചെയ്യുകയും 13 വർഷത്തേക്കു ശിക്ഷിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ, നഷീദിനു മത്സരിക്കാനും സാധിച്ചില്ല. പ്രതിപക്ഷത്തിന്റെ സ്വതന്ത്രമായ പ്രവർത്തനം തടസപ്പെടുത്തിയും ജനാധിപത്യവിരുദ്ധമായ രീതിയിലുമാണ് അന്ന് തിരഞ്ഞെടുപ്പ് നടത്തിയതെന്ന് ഐക്യരാഷ്ട്ര സഭയ്ക്കു തന്നെ അപലപിക്കേണ്ടിവന്നു.

പ്രതിപക്ഷം പ്രക്ഷോഭം ആരംഭിക്കുന്നു

പ്രസിഡന്റായ ശേഷം, യമീൻ ആളു മാറി. അദ്ദേഹവും മറ്റൊരു ഏകാധിപതിയുടെ രൂപം കൈക്കൊണ്ടു. ഘടകകക്ഷി നേതാക്കളെയും തന്റെ പാർട്ടിയായ പ്രോഗ്രസീവ് പാർട്ടിയിലെ നേതാക്കളെയും അദ്ദേഹം അവഗണിച്ചു. അഴിമതിയും ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങളും യമീൻ നടത്തുന്നുവെന്നാരോപിച്ച് എം.ഡി.പി പ്രക്ഷോഭം ആരംഭിച്ചു. യമീനു പിന്തുണ

നൽകിയ ജംഹൂറി പാർട്ടി നേതാവും ധനികനുമായ ഗാസിം ഇബ്രാഹിം, പിന്തുണ പിൻവലിച്ച് നഷീദ് നേതൃത്വം നൽകുന്ന പ്രതിപക്ഷ ചേരിയിലേക്ക് മാറി. ഇതിനിടെ അമേരിക്കയുടെയും മറ്റു പാശ്ചാത്യ രാജ്യങ്ങളുടെയും ആംനസ്റ്റി ഉൾപ്പെടെയുള്ള മനുഷ്യാവകാശ സംഘടനകളുടെ നിരന്തരമായ സമ്മർദ്ദത്തെ തുടർന്ന് ചികിത്സയ്ക്കായി ബ്രിട്ടനിൽ പോകാൻ നഷീദിന് മാലി സർക്കാർ പരോൾ നൽകാൻ നിർബന്ധിതരായി. ബ്രിട്ടനിൽ എത്തിയശേഷം നഷീദ് അവിടെ രാഷ്ട്രീയാഭയം തേടി. മാലിയിൽ എത്തിയാൽ വീണ്ടും ജയിലിലാകുമെന്നറിയാവുന്നതിനാൽ അദ്ദേഹം ശ്രീലങ്ക കേന്ദ്രീകരിച്ചാണ് പ്രക്ഷോഭ പരിപാടികൾക്ക് ചുക്കാൻ പിടിക്കുന്നത്. അർദ്ധ സഹോദരനായ ഗയൂമിന്റെ മകൾ, യമീൻ മന്ത്രിസഭയിൽ അംഗമായിരുന്നെങ്കിലും ഗയൂമുമായുള്ള അഭിപ്രായവ്യത്യാസത്തെത്തുടർന്ന് അവരെ മന്ത്രിസഭയിൽ നിന്ന് പുറത്താക്കുകയും ഗയൂമിന്റെ മകനെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇതോടെ ഗയൂമും നഷീദിനൊപ്പം ചേർന്ന് യമീനെ പുറത്താക്കാനുള്ള യജ്ഞത്തിലാണ്.

ചൈനയോട് അടുപ്പം പുലർത്തിയ യമീൻ

അമേരിക്കയുടെയും മറ്റു പാശ്ചാത്യ രാജ്യങ്ങളുടെയും നിലപാട് തനിക്കെതിരാണെന്ന് മനസിലാക്കിയ യമീൻ, ചൈനയോടും പാകിസ്ഥാനോടും കൂടുതൽ സൗഹൃദം കാണിക്കാൻ തുടങ്ങി. ചൈനയുമായുള്ള വാണിജ്യം വർദ്ധിപ്പിക്കുകയും ചൈനയുടെ Belt and Road Initiative ൽ പങ്കാളിയാകുകയും ചെയ്തു. 2014 ൽ ചൈനയുടെ പ്രസിഡന്റ് ഷിജിങ് പിംഗിനെ മാലിയിൽ ക്ഷണിച്ചുവരുത്തിയാണ് യമീൻ പിന്തുണ അറിയിച്ചത്.

ഇനിയെന്ത്?

സുപ്രീംകോടതി വിധി മാനിക്കണമെന്നും എത്രയുംവേഗം അത് നടപ്പിലാക്കണമെന്നും ഇന്ത്യ, അമേരിക്ക, ബ്രിട്ടൻ എന്നിവയുൾപ്പെടെയുള്ള പാശ്ചാത്യ രാജ്യങ്ങളും യമീനോട് ആവശ്യപ്പെട്ടെങ്കിലും ഈ ആവശ്യത്തോട് നിഷേധാത്മക നിലപാട് പുലർത്തുന്ന യമീൻ വിധി പ്രസ്താവിച്ച സുപ്രീംകോടതി ജഡ്ജിമാരെയും അഴിമതി ആരോപിച്ച് അറസ്റ്റ് ചെയ്തിരിക്കുകയാണ്. പ്രക്ഷോഭങ്ങൾ അടിച്ചമർത്തുന്നതിന്റെ ഭാഗമായി രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. അടിയന്തരാവസ്ഥാ പ്രഖ്യാപനത്തെയും അറസ്റ്റ് ഉൾപ്പെടെയുള്ള ജനാധിപത്യവിരുദ്ധ നടപടികളെയും ലോകരാജ്യങ്ങളെല്ലാം അപലപിച്ചെങ്കിലും അത് മാലിദ്വീപിന്റെ ആഭ്യന്തര കാര്യമാണെന്നും മറ്റാരും ഇടപെടേണ്ടെന്നും മാലി സർക്കാരും ജനങ്ങളും തന്നെ പരിഹാരം കണ്ടെത്തട്ടെയെന്നുമാണ് ചൈനയുടെ നിലപാട്. എന്നാൽ അഭിപ്രായസ്വാതന്ത്ര്യത്തെയും പ്രതിപക്ഷ പ്രവർത്തനങ്ങളെയും അടിച്ചമർത്തുന്ന യമീന്റെ ഏകാധിപത്യ നടപടികൾക്ക് തടയിടാൻ ഇന്ത്യ ഇടപെടണമെന്നാണ് മുൻ പ്രസിഡന്റ് നഷീദ് ആവശ്യപ്പെടുന്നത്.

മാലിദ്വീപിലെ സംഭവവികാസങ്ങൾ അവരുടെ ആഭ്യന്തര പ്രശ്നം മാത്രമായി കാണാൻ ഇന്ത്യയ്ക്കാവില്ല. അതുകൊണ്ടാണ് 1988 ൽ അന്നത്തെ പ്രസിഡന്റായിരുന്ന അബ്ദുൾ ഗയൂമിനെ അട്ടിമറിക്കാൻ പ്രതിപക്ഷ പിന്തുണയോടെ ചില പ്രതിലോമ ശക്തികൾ ശ്രമിച്ചപ്പോൾ ഇന്ത്യൻ സൈന്യത്തെ മണിക്കൂറുകൾക്കുള്ളിൽ മാലിയിലെത്തിച്ച് അട്ടിമറിശ്രമം പരാജയപ്പെടുത്താൻ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി നിർദ്ദേശം നൽകിയത്. മാലിയിലെ ഇന്നത്തെ സംഭവവികാസങ്ങളിൽ കൈയും കെട്ടി നോക്കിനിൽക്കാൻ ഇന്ത്യയ്ക്ക് സാധിക്കുമോ? അവസരത്തിനൊത്ത് നാം ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ ചൈനയുടെയും പാകിസ്ഥാന്റെയും നേതൃത്വത്തിലുള്ള ശക്തികളുടെ കളിപ്പാവയായി യമീൻ മാറുമെന്ന കാര്യത്തിൽ സംശയമില്ല. ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള സംവിധാനങ്ങളെയും ലോകരാഷ്ട്രങ്ങളെയും കോർത്തിണക്കി യമീനെ ജനാധിപത്യത്തിന്റെ വഴിയിലൂടെ നടത്താൻ മുൻകൈ എടുക്കേണ്ടത് ഈ മേഖലയിലെ വലിയ രാജ്യമെന്ന നിലയിൽ ഇന്ത്യയാണ്. അന്താരാഷ്ട്ര സമൂഹത്തിന്റെ ശക്തമായ നയതന്ത്ര സമ്മർദ്ദങ്ങൾക്ക് മുമ്പിൽ വഴങ്ങാതിരിക്കാൻ യമീന് സാധിക്കുകയില്ല. യമീൻ വഴങ്ങുന്നില്ലെങ്കിൽ നമ്മുടെ ദേശീയസുരക്ഷയും ഇന്ത്യൻ മഹാസമുദ്രമേഖലയിലെ സുരക്ഷിതത്വവും മുൻനിറുത്തിയുള്ള എന്തുനടപടിയും സ്വീകരിക്കാൻ നാം തയ്യാറാവണം.

(ലേഖകന്റെ ഫോൺ:9847173177)